**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2162** **20-01-2021 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **Smt. K. K .Shailaja Teacher (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പി.എച്ച്.സി-കളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയതെന്ന് അറിയിക്കുമോ; | (എ) | മണലൂർ മണ്ഡലത്തിലെ മണലൂർ, വെങ്കിടങ്ങ്, എളവള്ളി, തൈക്കാട് എന്നീ 4 പി.എച്ച്.സി.കളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയത്. |
| (ബി) | പ്രസ്തുത കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഏതെല്ലാം സൗകര്യങ്ങളാണ് പുതിയതായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തു ന്നതിനാവശ്യമായ പരിശോധന മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ. ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ ഇമ്മ്യൂണൈസേഷൻ, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധകതികൾ എന്നിവയും ലഭ്യമാക്കി വരുന്നു. കൂടാതെ ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവയും ആർദ്രം പദ്ധതി പ്രകാരം നടത്തി വരുന്നു. |
| (സി) | ഓരോ കുടുംബാരോഗ്യകേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് അറിയിക്കുമോ; | (സി) | 1. എഫ്.എച്ച്.സി. മണലൂർ എൻ.എച്ച്.എം. ഫണ്ട് 13,50,000 രൂപ എം.എൽ.എ.ഫണ്ട് 7,00,000 രൂപ ആകെ തുക 20,50,000രൂപ 2. എഫ്.എച്ച്.സി വെങ്കിടങ്ങ് എൻ.എച്ച്.എം. ഫണ്ട് 13,98,500 രൂപ |

| | | | |
|---|---|---|---|
| | | | എം.എൽ.എ. ഫണ്ട് 6,,00,000 രൂപ ജില്ലാ പഞ്ചായത്ത് ഫണ്ട് 10,00,000 രൂപ ഗ്രാമ പഞ്ചായത്ത് ഫണ്ട് 4,00,000 രൂപ ആകെ തുക 33,98,500 രൂപ 3. എഫ്.എച്ച്.സി. എളവള്ളി എൻ.എച്ച്.എം ഫണ്ട് 15,50,000 രൂപ എം.എൽ.എ ഫണ്ട് 24,50,000 രൂപ ആകെ തുക 40,00,000 രൂപ 4. എഫ്.എച്ച്.സി.തൈക്കാട് എൻ.എച്ച്.എം.ഫണ്ട് 14,00,000 രൂപ എൽ.എസ്.ജി.ഡി (ഗുരുവായൂർ മുനിസിപ്പാലിറ്റി) 30,00,000 രൂപ ഇലക്ട്രിഫിക്കേഷൻ (ഗുരുവായൂർ മുനിസിപ്പാലിറ്റി) 5,00,000 രൂപ ആകെ തുക 49,00,000 രൂപ |
| (ഡി) | ഇതിൽ ഓരോ കുടുംബാരോഗ്യകേന്ദ്രങ്ങളിലും നടപ്പാക്കിയ വികസന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (ഡി) | എഫ്.എച്ച്.സി മണലൂർ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദശുചിമുറികൾ, ഫാർമസി സ്റ്റോർ നവീകരണം ശ്വാസ്, ആശ്വാസ് ക്ലിനിക്ക്, പ്രവേശന കവാടം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. എഫ്.എച്ച്.സി. വെങ്കിടങ്ങ് രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദശുചിമുറികൾ, ഫാർമസി സ്റ്റോർ, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, റാംപ്, പ്രവേശന കവാടം എന്നിവ നവീകരിച്ചു. ആശുപത്രി കെട്ടിടത്തിന്റെ മുകളിൽ കോൺഫറൻസ് ഹാൾ ക്രമീകരിച്ചിട്ടുണ്ട്. എഫ്.എച്ച്.സി. എളവള്ളി രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി രജിസ്ട്രേഷൻ കൗണ്ടറുകൾ, നഴ്സസ് സ്റ്റേഷൻ, റാംപ് നിർമ്മാണം മറ്റ് അറ്റകുറ്റ പണികൾ നടപ്പിലാക്കി. എഫ്.എച്ച്.സി. തൈക്കാട് നിലവിലുള്ള കെട്ടിടത്തിന്റെ മുകൾഭാഗം ട്രസ്സ് വർക്ക് ചെയ്ത് ഓഫീസും പൊതുജനാരോഗ്യ വിഭാഗവും മുകളിലേക്ക് മാറ്റി. പഴയ കെട്ടിടത്തിന്റെ മുൻവശത്തോട് ചേർന്ന് പുതിയ ഒരു കെട്ടിടം നിർമ്മിക്കുകയും രോഗികളുടെ കാത്തിരിപ്പകേന്ദ്രം, മരുന്ന് വിതരണത്തിനുള്ള സൗകര്യം എന്നിവ ഉൾപ്പെടുത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ